(ബി) ഇപ്പോൾ ഡൽഹിയിൽ മാത്രമാണ് മലയാളം മിഷന്റെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. മുംബൈയിലും ചെന്നൈയിലും മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) ചെന്നൈയിൽ മലയാളം മിഷന്റെ പ്രവർത്തനത്തിന്റെ ഔപചാരിക ഉദ്ഘാടനം നടന്നു കഴിഞ്ഞു.

(ഡി) നിലവിൽ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ എന്നിങ്ങനെ മൂന്ന് തരം കോഴ്സുകളാണ് നടത്തുന്നത്. ഇപ്പോഴുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരുത്തനാണ് സർക്കാരിന്റെ ശ്രമം.

(ഇ) ഗൾഫ് രാജ്യങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മലയാളം ഔദ്യോഗിക ഭാഷയായി സംസ്ഥാനത്തെ വകുപ്പുകളിൽ നടപ്പിലാക്കാൻ നടപടി

33(1278) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ഭാഷാപഠനം നിർബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ :

(ബി) മലയാളം ഔദ്യോഗിക ഭാഷയായി സംസ്ഥാനത്തെ വകുപ്പുകളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് മലയാളം ഔദ്യോഗിക ഭാഷയായി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് മുഴുവൻ വകുപ്പുകളിലും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മലയാളം ഔദ്യോഗിക ഭാഷയായി സ്വീകരിച്ചിട്ടും അത് പാലിക്കാത്ത വകുപ്പ് മേധാവികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോ: വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് മന്ത്രിസഭ അനുകൂലമായ തീരുമാനമെടുത്തു. അത് നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(ബി&സി) കേരളത്തിലെ മുഴുവൻ വകുപ്പുകളിലും ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനോടകം സംസ്ഥാനത്തെ 70 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും, 40 പൊതു മേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.* ബാക്കിയുള്ള വകുപ്പുകളിൽ ഘട്ടംഘട്ടമായി മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) മലയാളം ഔദ്യോഗിക ഭാഷയാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷവും അതാത് വകുപ്പുകളിൽ വകുപ്പ് മേധാവികൾ അത് പാലിക്കാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പിന്നോക്ക വിഭാഗങ്ങളുടെ സംവരണ നിയമനത്തിലുള്ള ബാക്ക്‌ലോഗ്

34(1279) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിൽ സംവരണ വിഭാഗത്തിൽ 1-8-2000 വരെ 18525 തസ്തികകളുടെ കുറവുള്ളതായി ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ബി) പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗരംഗത്തെ ഈ ബാക്ക്‌ലോഗ് നികത്തുമെന്ന് ഈ സർക്കാർ നേരത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ബാക്ക് ലോഗ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ നേരത്തെ ഉറപ്പ് നൽകിയതിന്റെയും ഇപ്പോൾ നികത്താൻ കഴിയാതെ വന്നതിന്റെയും സാഹചര്യവും കാരണവും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി-ഡി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നമ്പർ.8/06/പജപവവിവ പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാറ്റഗറി ഭാവിയിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly